"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം റോഡ് - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 329/2009 നമ്പർ കേസിലെ ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3100/2025/LSGD തീയതി, തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 329/2009 നമ്പർ കേസിന്മേലുള്ള 31/01/2013 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 1124/2018/റവ, തീയതി, 27/03/2018.
3. സ.ഉ.(അച്ചടി) നം. 32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04/12/2024 തീയതിയിലെ കെ10-47931/13 നമ്പർ കത്ത്.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/11/2025 തീയതിയിലെ എ3/1328/2009/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവക്കൽ വില്ലേജിൽ 0.54 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 329/2009 നമ്പർ കേസിൽ പരാമർശം (3) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും ബഹു. തിരുവനന്തപുരം സബ്കോടതിയിൽ കെട്ടിവച്ച 19,99,225/- രൂപ റീക്കൂപ്പ് ചെയ്യുന്നതിനും ടി കേസിലെ അവശേഷിക്കുന്ന വിധിക്കടത്തുകയായ 58,897/- രൂപയും ഉൾപ്പടെ ആകെ 20,58,122/- രൂപ (ഇരുപത് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം റോഡിന്റെ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ ചെറുവക്കൽ വില്ലേജിൽ ബ്ലോക്ക് നം. 11, സർവ്വേ നം. 43-ൽ ഉൾപ്പെട്ടതും ശ്രീ. ജി. ഹരികുമാറിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.54 ആർ ഭൂമി

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 329/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 19,99,225/- രൂപ (പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) '2075-00-800-05' എന്ന ശീർഷകത്തിലേയ്ക്ക് റിഫണ്ട് ചെയ്യുന്നതിനും ടി കേസിലെ കക്ഷിക്ക് നൽകുവാനുള്ള ബാലൻസ് വിധിക്കടത്തുകയായ 58,897/- രൂപ (അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിഏഴ് രൂപ മാത്രം)-യും ഉൾപ്പടെ ആകെ 20,58,122/- രൂപ (ഇരുപത് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി ഒരുന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. ജി. ഹരികുമാറിന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ജി.ഹരികുമാർ, റ്റി.സി. 1/1200(1), ഗംഗാധര ഗാർഡൻസ്, പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/420 /2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 31-12-2025 11:14:31
സെക്ഷൻ ഓഫീസർ